# സഭ ആധുനിക ലോകത്തിൽ – 3

**ഡോ. ഡോമിനിക്ക് വെച്ചൂർ, ബ്ര. തോമസ് തയ്യിൽ**

**vi)** സഭയുടെ സാമൂഹിക – സാമ്പത്തിക ദർശനങ്ങൾ: രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ സാമൂഹിക – സാമ്പത്തിക വീക്ഷണങ്ങളുടെ ആധികാരികസ്രോതസ്സാണ് ഈ പ്രമാണരേഖ. സഭയുടെ സാമൂഹിക – സാമ്പത്തിക ദർശനങ്ങളെല്ലാം മനുഷ്യോന്മുഖമാണ്. പ്രമാണരേഖ ഓർമ്മപ്പെടുത്തുന്നു: ''മനുഷ്യനാണ് സാമൂഹിക – സമ്പത്തിക ജീവിതത്തിന്റെ വിധാതാവും കേന്ദ്രബിന്ദുവും ലക്ഷ്യവും'' (n. 63). സാമ്പത്തികാഭിവൃദ്ധി മനുഷ്യ സേവനാർത്ഥവും മനുഷ്യൻ നിയന്ത്രിക്കുന്നതുമാകണമെന്നു സഭ ആഗ്രഹിക്കുന്നു. ഇക്കാര്യത്തിൽ സാമൂഹികനീതിയും സമത്വവും പാലിക്കപ്പെടണമെന്നുള്ളതാണു സഭയുടെ ആഗ്രഹം. തൊഴിലിന്റെ ശ്രേഷ്ഠതയെക്കുറിച്ചും തൊഴിലാളികളുടെ അവകാശങ്ങളെ ക്കുറിച്ചും ഈ പ്രമാണരേഖ വിശ്വാസികളെ ഓർമ്മപ്പെടുത്തുന്നുണ്ട് (nos. 67-68). തൊഴിലിലൂടെ വ്യക്തിവളർച്ചയും മനുഷ്യസാഹോദര്യവും ഊട്ടിയുറപ്പിക്കപ്പെടുകയും ദൈവത്തിന്റെ സൃഷ്ടികർമ്മത്തിലും ഈശോയുടെ രക്ഷാകരകർമ്മത്തിലും നാം പങ്കുചേരുകയും ചെയ്യുന്നു. തിരുസ്സഭയുടെ സാമൂഹിക പ്രബോധനങ്ങളുടെ അടിത്തറയായി വർത്തിക്കുന്ന അടിസ്ഥാന പ്രബോധനങ്ങളായ ഭൗതികവസ്തുക്കളുടെ സാർവ്വത്രിക ലക്ഷ്യത്തെക്കുറിച്ചും സ്വകാര്യ സ്വത്തവകാശത്തെക്കുറിച്ചും ഈ പ്രമാണരേഖ സുവ്യക്തമായി പഠിപ്പിക്കുന്നു (nos. 69- 71). ഭൂമിയും അതിലെ സകലവിഭവങ്ങളും എല്ലാ മനുഷ്യരുടെയും ഉപയോഗത്തിനു വേണ്ടി ആയിരിക്കണമെന്നു ദൈവം നിശ്ചയിച്ചിരിക്കുന്നു. സാമൂഹികനീതിയിലും സഹോദരസ്നേഹത്തിലും അധിഷ്ഠിതമായ ഒരു സാമൂഹിക – സാമ്പത്തികക്രമമാണു സൂനഹദോസ് വിഭാവനം ചെയ്യുന്നത്.

**vvii)** സഭയും രാഷ്ട്രീയവും: രാഷ്ട്രീയസമൂഹത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും സഭ നല്ലവണ്ണം ബോധവതിയാണ്. പൗരസമൂഹവും പൗരസ്വാതന്ത്രവും മനുഷ്യന്റെ സാമൂഹിക അസ്തിത്വത്തിന്റെ ഭാഗങ്ങൾ തന്നെയാണ്. പൗരസ്വാതന്ത്ര്യവും മതസ്വാതന്ത്ര്യവും നിഷേധിക്കുന്ന രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങൾ തികച്ചും അപലപനീയങ്ങളാണെു പിതാക്കന്മാർ ഓർമിപ്പിക്കുന്നു (n.73). രാഷ്ട്രഭരണവും രാഷ്ട്രീയധികാര വിനിയോഗവും ദൈവസ്ഥാപിതക്രമത്തോടു ബന്ധപ്പെട്ടാണു കിടക്കുന്നതെന്നും (n.74) പൊതുക്ഷേമത്തെ ത്വരിതപ്പെടുത്തുന്ന രാഷ്ട്രീയ സഹകരണവും സമ്മതിദാനാവകാശ വിനിയോഗവും രാഷ്ട്രീയ ബോധമുള്ള ഒരു പൗരസമൂഹത്തെ വാർത്തെടുക്കാൻ സഹായിക്കുമെന്നും (n.75)

കൗൺസിൽ പഠിപ്പിക്കുന്നു. സഭയും രാഷ്ട്രവും തമ്മിലുള്ള നിർലോപമായ സഹകരണത്തെക്കുറിച്ചും ഈ പ്രമാണ രേഖ പഠിപ്പിക്കുന്നുണ്ട്. ''തിരുസ്സഭയുടെ പ്രത്യേക ധർമ്മവും അധികാരവും നിമിത്തം രാഷ്ട്രത്തോടോ രാഷ്ട്രീയപ്രത്യയശാസ്ത്രത്തോടോ അവൾ ഒരു തരത്തിലും താദാത്മ്യം പ്രാപിക്കുന്നില്ല. സഭയ്ക്കും രാഷ്ട്രത്തിനും താന്താങ്ങളുടെ പ്രവർത്തനമണ്ഡലങ്ങളിൽ സ്വയം ശാസനാധികാരം ഉണ്ട്. അവ സ്വതന്ത്രങ്ങളുമാണ്... സുവിശേഷ സത്യങ്ങൾ പ്രഘോഷിച്ചുകൊണ്ടും സഭാസിദ്ധാന്തങ്ങളും ക്രിസ്തീയ ജീവിതസാക്ഷ്യവും മനുഷ്യസംരംഭങ്ങളുടെ സർവ്വമേഖലകളിലും പ്രകാശിപ്പിച്ചുകൊണ്ടും രാഷ്ട്രീയസ്വാതന്ത്ര്യത്തെയും പൗരന്മാരുടെ ഉത്തരവാദിത്വത്തെയും അവൾ മാനിക്കുകയും വളർത്തുകയും ചെയ്യുന്നു'' (n.76).

**viii)** ലോകസമാധാന സംരക്ഷണത്തിനു സഭയുടെ സംഭാവന: ലോകസമാധാന സംരക്ഷണത്തിനും പോഷണത്തിനും തിരുസഭയ്ക്കുള്ള മൗലിക ഉത്തരവാദിത്വത്തെക്കുറിച്ചും കൗൺസിൽ പ്രമാണരേഖ പഠിപ്പിക്കുന്നുണ്ട്. 'നീതിയുടെ പരിണതഫലമാണ് സമാധാനം' എന്ന സുന്ദരമായ ഒരു നിർവചനം പിതാക്കന്മാർ നൽകുന്നു (n.78). യുദ്ധവും ആയുധ മത്സരങ്ങളും കടുത്ത അപരാധങ്ങളാണെന്നു സൂനഹദോസ് അസന്ദിഗ്ദ്ധമായി പ്രസ്താവിക്കുന്നു: ''...വിശാല നഗരങ്ങളെയും വിസ്തൃതഭൂപ്രദേശങ്ങളെയും അതിലെ നിവാസികളോടൊപ്പം ഒന്നടങ്കം നശിപ്പിക്കാൻ വേണ്ടിയുള്ള ഏതുതരം യുദ്ധസംരംഭങ്ങളും ദൈവത്തിനും മനുഷ്യനുമെതിരായുള്ള ഒരപരാധമാണ്. അസന്ദിഗ്ദ്ധമായും നിർവ്വികലമായും അവ അധിക്ഷേപാർഹങ്ങളുമാണ്... ആയുധ മത്സരം മാനവലോകത്തോടുള്ള ഒരു കഠിന പാതകവും പാവങ്ങളെ അസഹനീയമായ വിധത്തിൽ ഉപദ്രവിക്കുന്ന ചതിയുമാണ്...'' (nos. 80-81). യുദ്ധത്തിനുള്ള സാധ്യതകൾ പരിപൂർണ്ണമായും ഒഴിവാക്കുവാൻ എല്ലാ രാഷ്ട്രങ്ങളും അന്താരാഷ്ട്രസ്ഥാപനങ്ങളും സഭാസമൂഹം മുഴുവനും നിതാന്ത ജാഗ്രതയും സഹകരണവും പുലർത്തണമെന്നും പിതാക്കന്മാർ അനുസ്മരിപ്പിക്കുന്നു. സമകാലീനലോകത്തോടുള്ള സഭയുടെ തുറവിയുടെയും സൂനഹദോസ് പിതാക്കന്മാരുടെ അജപാലനോന്മുഖതയുടെയും ഉത്തമ നിദർശനമാണ് ഈ പ്രമാണരേഖ. മനുഷ്യനെക്കുറിച്ചും മനുഷ്യമഹാകുടുംബത്തെക്കുറിച്ചും അവരനുഭവിക്കുന്ന കാലിക പ്രശ്നങ്ങളെക്കുറിച്ചും, സഭയ്ക്ക് അമ്മയും ഗുരുവുമെന്ന നിലയിൽ വ്യക്തമായ കാഴ്ചപ്പാടുകളും നിലപാടുകളും നിരീക്ഷണങ്ങളുമുണ്ടെന്ന് അറിയുമ്പോൾ തിരുസഭയെക്കുറിച്ചുള്ള നമ്മുടെയും അഭിമാനബോധവും ഉത്തരവാദിത്വചിന്തയും ഉണരട്ടെ.